പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4905

04.07.2012-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധന കാലയളവിലെ ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾ തൊഴിൽരഹിതരാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃതയാനങ്ങളിലെ മത്സ്യത്തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യറേഷൻ അനുവദിച്ചിട്ടുണ്ട്.ഏപ്രിൽ,മേയ്, ജൂൺ മാസങ്ങളിൽ **600** രൂപ വീതം ആകെ **1800** രൂപ സമ്പാദ്യ സമാശ്വാസം നൽകിവരുന്നു. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് സമ്പാദ്യ സമാശ്വാസമായി ലഭിക്കുന്നത്. |
| (സി) | ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | സൗജന്യറേഷൻ ലഭിക്കുന്നതിനായി തീരദേശ ജില്ലാ ഓഫീസുകൾ വഴി അപേക്ഷ നൽകേണ്ടതാണ്. ഗുണഭോക്താക്കൾ കേരള മത്സ്യത്തൊളിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ളവരായിരിക്കണം. യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾ ബന്ധപ്പെട്ട യാന ഉടമസ്ഥരുടെയും ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികളും പീലിംഗ് തൊഴിലാളികളും, ഹാർബർ |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിംഗ് വകുപ്പിന്റെയും ശുപാർശ സഹിതം സൗജന്യറേഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തീരദേശ ജില്ലാ ഫിഷറീസ് ഓഫീസർ അപേക്ഷകൾ പരിശോധിച്ച്, ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലിസ്റ്റ്, ബന്ധപ്പെട്ട സിവിൽ സപ്ലൈസ് ഓഫീസിലേയ്ക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി നൽകുന്നതാണ്. |
| (ഡി) | നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിപാടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ